# ഇടയലേഖനം

ദൈവകൃപയാൽ എറണാകുളം-അങ്കമാലി അതിരൂപതാ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

## മാർ ജേക്കബ് മനത്തോടത്ത്

തന്റെ അധികാരത്തിൽപ്പെട്ട ഇടവകകളിലെ
ബഹുമാനപ്പെട്ട വികാരിമാർക്കും അസിസ്തേന്തിമാർക്കും
മറ്റുവൈദികർക്കും സന്ന്യാസിനീസന്ന്യാസിമാർക്കും
ജനങ്ങൾക്കും

**നമ്മുടെ കർത്താവീശോമിശിഹായിൽ ആശിസ്സും സമാധാനവും**

**മിശിഹായിൽ പ്രിയ സഹോദരരേ, വത്സലമക്കളേ,**

പാപികളായ നമുക്ക് പശ്ചാത്തപിച്ചും ദൈവകൃപയിൽ ആശ്രയിച്ചും പാപമോചനം പ്രാപിക്കാനുള്ള ഉപാധിയാണ് സഭയിലുള്ള വിശുദ്ധ കുമ്പസാരം എന്ന കൂദാശ. കുമ്പസാരത്തിന്റെ പ്രസക്തി ചോദ്യം ചെയ്തുകൊണ്ടുള്ള ചർച്ചകളും ലേഖനങ്ങളും ചിലരിൽ ആശയക്കുഴപ്പവും തെറ്റിധാരണയും സൃഷ്ടിച്ചെന്നുവരാം. എന്നാൽ വിശ്വാസികളായ നാം കുമ്പസാരത്തിന്റെ സ്വഭാവവും പ്രാധാന്യവും ശരിയായവിധം മനസിലാക്കണം. ഈ കൂദാശ അടുക്കലടുക്കൽ സ്വീകരിച്ച് നമ്മുടെ ജീവിതം കൂടുതൽ വിശുദ്ധമാക്കണം.

പാപവിമോചകനായാണ് ഈശോ ഈ ലോകത്തിലേക്കു വന്നത്. "അനുതപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ" എന്നായിരുന്നു ഈശോയുടെ ശുശ്രൂഷകളുടെ തലവാചകം (മർക്കോ 1:15). ഈശോ അനേകം ആളുകളോട് "നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" (ലൂക്കാ 7:48) എന്ന് സ്പഷ്ടമായി പറഞ്ഞു. ദൈവത്തിനുമാത്രം ചെയ്യാൻ കഴിയുന്ന പ്രവൃത്തിയാണ് പാപംമോചിക്കൽ. ദൈവപുത്രനായ ഈശോ നല്കുന്ന പാപമോചനം സ്വീകരിക്കാൻ നമുക്കു ഇന്നുള്ള ഉപാധിയാണ് അനുരഞ്ജനകൂദാശ.

കുമ്പസാരം സഭയുടെ കണ്ടുപിടുത്തമല്ല. പാപമോചനത്തിനുള്ള അധികാരം സഭയ്ക്ക് നല്കിയത് ഈശോയാണ്. അവിടുന്ന് ശിഷ്യരോട് പറഞ്ഞു, "നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ. 20.23). പക്ഷേ, പാപമോചനം എങ്ങനെ പരികർമ്മം ചെയ്യപ്പെടണം എന്നത് ചരിത്രപരമായി സഭയിലാണ് നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. കുമ്പസാരത്തിന്റെ ഇന്ന് നിലവിലുള്ള രീതിയിലേക്ക് വരുന്നതിനുമുൻപ് മറ്റു രൂപങ്ങൾ ഉണ്ടായിരുന്നു എന്നതു വാസ്തവമാണ്.

പാപമോചകമായ സഭാകർമ്മം എന്ന നിലയിൽ ദൈവത്തോടു സ്വകാര്യമായി പാപങ്ങൾ ഏറ്റുപറയുന്ന രീതി ഒരു കാലത്തും സഭയിൽ ഉണ്ടായിരുന്നില്ല. സഭയുടെ സമക്ഷം, മെത്രാന്റെയോ വൈദികന്റെയോ സാന്നിദ്ധ്യത്തിൽ, സ്വന്തം പാപാവസ്ഥ ഏറ്റുപറഞ്ഞിരുന്നതാണ് പുരാതനരീതി. കുമ്പസാരത്തിലെ പുരോഹിതന്റെ സ്ഥാനത്തെ നാം ശരിയായി മനസിലാക്കേണ്ടതുണ്ട്. കുമ്പസാരത്തിനണയുന്ന അനുതാപിക്ക് ദൈവം പാപമോചനം നൽകുന്നു എന്ന് ഈ കൂദാശയിലൂടെ കുമ്പസാരക്കാരനായ വൈദികൻ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. പാപങ്ങളുടെ കണക്കെടുക്കുന്ന വിധിയാളൻ എന്നതല്ല കുമ്പസാരക്കാരന്റെ സ്ഥാനം.

കുമ്പസാരത്തിലൂടെ നടക്കേണ്ടത് പാപങ്ങളുടെ ഏറ്റുപറച്ചിൽ മാത്രമല്ല, പാപംവഴി നമ്മിൽനിന്ന് അകന്നുപോയ എല്ലാവരോടുമുള്ള അനുരഞ്ജനമാണ്. പാപത്തിന് സാമൂഹികമാനമുണ്ട്. എന്നുപറഞ്ഞാൽ,

തികച്ചും സ്വകാര്യമായ പാപം എന്നു തോന്നുന്നവർക്കുപോലും സാമൂഹികമായ പ്രസക്തിയും പ്രതിഫലനങ്ങളും ഉണ്ടായിരിക്കും. അതുകൊണ്ടുതന്നെ അനുരഞ്ജനം പൂർണ്ണമാകുന്നത് അതിന്റെ സാമൂഹികമാനം കൂടെ കണക്കിലെടുക്കുമ്പോഴാണ്. സമൂഹത്തിന്റെയും സഭയുടേയും പ്രതിനിധി എന്ന നിലയിലാണ് വൈദികനോട് കുമ്പസാരിക്കുന്നത്. എല്ലാവരുമായുള്ള അനുരഞ്ജനം സാധിതമാക്കാൻ ഇത് അനിവാര്യമാണ്. ക്രിസ്തുവിന്റെ പാപപ്പൊറുതിയും കൃപയും സഭയിലും സഭയിലൂടെയുമാണ് വിശ്വാസികൾക്ക് സംലഭ്യമാകുന്നത്. സഭയുടെ പ്രതിനിധിയായി വൈദികൻ ഇക്കാര്യത്തിൽ നിലകൊള്ളുന്നു. ബലിയർപ്പിക്കുന്നതിനുമുൻപ് ആർക്കെങ്കിലും നിന്നോട് വിരോധമുണ്ടെന്ന് നിനക്ക് തോന്നുന്നപക്ഷം ബലിവസ്തു അവിടെ വച്ചിട്ട് പോയി അവനോട് രമ്യതപ്പെടുക; അതിനുശേഷം വന്നു ബലിയർപ്പിക്കുക" (മത്താ. 5:23-24) എന്നാണല്ലോ ഈശോ പഠിപ്പിച്ചത്. ഇതിന്റെ സഭാത്മകമായ നിർവ്വഹണം നടക്കുന്നത് കുമ്പസാരത്തിലാണ്. വൈദികനോട് കുമ്പസാരിക്കുന്നതുകൊണ്ട് വ്യക്തി പരമായി മറ്റുള്ളവരോട് നടത്തേണ്ട അനുരഞ്ജനം ആവശ്യമില്ല എന്ന് അർത്ഥമില്ല. ഇത് നിർബന്ധമായും ചെയ്തേ മതിയാകൂ.

സ്വന്തം പാപങ്ങൾ മോചിക്കപ്പെട്ടു എന്ന ഉറപ്പിനും വൈദികനോടുള്ള കുമ്പസാരം സഹായിക്കും. അനുതാപി സ്വീകരിക്കുന്ന അദൃശ്യമായ പാപമോചനത്തിന്റെ ദൃശ്യമായ അടയാളമാണ് ഈ കൂദാശ. അതിന്റെ ആദ്യപടിയാണ് പാപങ്ങളുടെ ഏറ്റുപറച്ചിൽ. വ്യക്തിപരമായ ആത്മീയനിർദ്ദേശങ്ങൾ സ്വീക രിക്കാനും ഇതു ഉപകരിക്കുന്നു. വളരെയേറെപ്പേരെ സംബന്ധിച്ച് പാപങ്ങളുടെ ഒരു തുറന്നുപറച്ചിൽ മനഃശാന്തിയിലേക്കുള്ള വഴിയാണ്.

കുമ്പസാരത്തിലൂടെ വൈദികൻ നല്കുന്ന പാപമോചനം അദ്ദേഹത്തിന്റെ സൗജന്യമല്ല; ക്രിസ്തുവിന്റെ കൃപാദാനമാണ്. വൈദികന്റെ ആത്മീയമായ അയോഗ്യതകൾ കുമ്പസാരത്തിന്റെ ഫലസിദ്ധിയെ ബാധിക്കുകയില്ല.

ഒരിക്കലും, ഒരു സാഹചര്യത്തിലും, വെളിപ്പെടുത്തരുതാത്ത രഹസ്യമാണ് കുമ്പസാരത്തിൽ വൈദികൻ കേൾക്കുന്ന വിവരങ്ങൾ. കേട്ട കാര്യത്തിന് എന്തെങ്കിലും പ്രാധാന്യമുണ്ടോ, മറ്റുള്ളവർക്ക് അറിയാ വുന്ന കാര്യമാണോ എന്നൊന്നും കുമ്പസാരക്കാരൻ നോക്കേണ്ടതില്ല. ഒരിക്കലും ആരോടും വെളിവാക്കാനാവാത്ത രഹസ്യമായി കുമ്പസാരത്തിലെ വിവരങ്ങൾ പരിരക്ഷിക്കുന്നത് ഈ കൂദാശയുടെ പവിത്രതയും രഹസ്യസ്വഭാവവും സംരക്ഷിക്കാനാണ്. ഈ കടമയുടെ ഗൗരവം കാണിക്കാനായി കൗദാശികമുദ്ര (sacramental seal) എന്നിതിനെ വിളിക്കാറുണ്ട്. കുമ്പസാരരഹസ്യം സംരക്ഷിക്കാൻവേണ്ടി ജീവൻ ബലി കഴിച്ച വൈദികർ സഭയിലുണ്ട്. കുമ്പസാരക്കാരൻ കുമ്പസാരരഹസ്യം വെളിപ്പെടുത്തരുത് എന്നത് സഭാനിയമപ്രകാരമുള്ള അനുശാസനമാണ്. അനുതാപിയുടെ പേരും അയാളുടെ പാപവും ഉൾപ്പടെ വെളിപ്പെടുത്തുന്നത് ഗൗരവമായ ശിക്ഷ അർഹിക്കുന്ന കുറ്റമാണ്. വലിയ മഹറോൻ (major excommunication) എന്ന പേരിൽ സഭയിൽനിന്ന് പുറത്താക്കപ്പെടുന്നതാണ് ഇതിനു കൊടുക്കുന്ന പരമാവധി ശിക്ഷ (CCEO 728, 1; 1456, 1; CIC 983 & 1388).

കരുണാർദ്രതയോടെ പാപങ്ങൾ ക്ഷമിക്കുന്ന ഈശോയുടെ സ്ഥാനത്തിരുന്ന് കുമ്പസാരക്കാരൻ അനു രഞ്ജനകൂദാശ പരികർമ്മം ചെയ്യണം. പവിത്രമായും അനുതാപികൾക്ക് ഒരുതരത്തിലും ഭാരമാകാ തെയും ഈ കൂദാശ പരികർമ്മം ചെയ്യപ്പെടണം എന്ന് സഭക്കു നിർബന്ധമുണ്ട്. ഏതെങ്കിലും കുമ്പസാരക്കാരൻ ഇന്ന വ്യക്തി ഇന്ന കാര്യം കുമ്പസാരിച്ചു എന്നു വ്യക്തമാക്കുംവിധം കുമ്പസാരരഹസ്യം വെളിപ്പെടുത്തിയാൽ, കുമ്പസാരക്കാരന്റെ രൂപതാമെത്രാന്റെയടുക്കൽ പരാതി കൊടുക്കാവുന്നതാണ്. കുറ്റം ചെയ്തെന്നു തെളിഞ്ഞാൽ ഗൗരവമുള്ള നടപടികൾ ഇക്കാര്യത്തിലുണ്ടാകും.

കുമ്പസാരത്തിന്റെ പശ്ചാത്തലത്തിൽ, കുമ്പസാരക്കാരൻ അനുതാപിയെ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ആംഗ്യംകൊണ്ടോ ഏതെങ്കിലുംതരം ലൈംഗികപാപത്തിന് പ്രേരിപ്പിക്കുകയോ അത്തരം സംഭാഷണത്തിന് മുതിരുകയോ ചെയ്താൽ അത് (solicitation) ഗൗരവമുള്ള തെറ്റായി കണക്കാക്കപ്പെടും. കുമ്പസാരത്തിന്റെ പശ്ചാത്തലം എന്നതുകൊണ്ട് കുമ്പസാരക്കൂടിനകത്തെന്നോ കുമ്പസാരത്തിനിടയിൽ എന്നോ മാത്രമല്ല അർത്ഥം. കുമ്പസാരത്തിന്റെ പേരിൽ എന്ന വ്യാപകമായ അർത്ഥത്തിലാണ് ഇത് ഉദ്ദേശിച്ചിട്ടുള്ളത്. കുമ്പസാരത്തിന്റെ മുമ്പോ പിമ്പോ കുമ്പസാരമെന്ന വ്യാജേനയോ ഇത്തരം തെറ്റ് സംഭവിച്ചുകൂടാ എന്നതാണ് സഭയുടെ നിർബന്ധം.

ഇത്തരം അനുഭവം ആർക്കെങ്കിലും നിർഭാഗ്യവശാൽ ഉണ്ടായാൽ അതു കുമ്പസാരക്കാരന്റെ മെത്രാനെ അറിയിക്കേണ്ടതാണ്. അദ്ദേഹം അതിനുള്ള ശിക്ഷാനടപടികൾ സ്വീകരിക്കും. എന്നാൽ, വൈദികനെ

അപകീർത്തിപ്പെടുത്തണം എന്ന ലക്ഷ്യത്തോടെ വ്യാജമായി മേൽപ്പറഞ്ഞതരം ആരോപണം ഉന്നയിച്ചാൽ അതും ശിക്ഷാർഹമാണ്.

കുമ്പസാരത്തിലൂടെ നാം നേടേണ്ടത് പാപമോചനം മാത്രമല്ല; അനുരഞ്ജനമാണ്. ദൈവത്തോടും മനുഷ്യരോടും നമ്മോടും പ്രകൃതിയോടുമുള്ള ബന്ധങ്ങളിൽ നാം അനുരഞ്ജിതരാകണം. നഷ്ടപ്പെട്ട ബന്ധം പുനഃസ്ഥാപിക്കുമ്പോഴേ കുമ്പസാരത്തിന്റെ അർത്ഥവും ദൈവകൃപയുടെ സ്വീകരണവും പൂർണ്ണമാകുന്നുള്ളൂ. സക്കേവൂസ് മാനസാന്തരപ്പെട്ടപ്പോൾ തെറ്റുകൾ ഏറ്റുപറയുക മാത്രമല്ല ചെയ്തത്; ആർക്കെല്ലാം താൻ നഷ്ടം വരുത്തിയോ അവർക്കെല്ലാം പരിഹാരം ചെയ്യാനും അദ്ദേഹം തയ്യാറായി. നീതിലംഘനങ്ങൾമൂലം ഏതെങ്കിലും തരത്തിൽ ആർക്കെങ്കിലും നഷ്ടങ്ങളുണ്ടാക്കിയിട്ടുണ്ടെങ്കിൽ അതു കുമ്പസാരത്തിൽ ഏറ്റുപറഞ്ഞാൽ മാത്രം പോരാ; അവർക്ക് പരിഹാരവും ചെയ്യണം. അതു നീതിയുടെ കടമയാണ്. എന്തെങ്കിലും മോഷ്ടിച്ചിട്ടുണ്ടെങ്കിൽ തിരിച്ചുകൊടുക്കണം; ആർക്കെങ്കിലും നഷ്ടങ്ങൾ വരുത്തിയിട്ടുണ്ടെങ്കിൽ നഷ്ടപരിഹാരം കൊടുക്കണം; ആരുടെയെങ്കിലും സൽപ്പേര് നശിപ്പിച്ചിട്ടുണ്ടെങ്കിൽ അവരുടെ സൽപ്പേര് തിരിച്ചു കിട്ടാൻ വേണ്ടതെല്ലാം ചെയ്യണം.

ഏതു പാപം ചെയ്താലും ഒന്നു കുമ്പസാരിച്ചാൽ മതി എന്ന തെറ്റിദ്ധാരണ നാം പുലർത്തരുത്. അനുതാപവും കുമ്പസാരവും പൂർണ്ണമാകുന്നത് നാം അനുരഞ്ജനപ്പെടുമ്പോഴാണ്. നമ്മുടെ പാപങ്ങൾ എത്ര കഠിനമാണെങ്കിലും ദൈവത്തിന്റെ കാരുണ്യം അതെല്ലാം ക്ഷമിക്കും (ഏശയ്യ 1:18). പക്ഷേ, നാം അനുതപിക്കണം; പരിഹാരംചെയ്യാൻ തയ്യാറാകുകയും വേണം. കുമ്പസാരം ഒരു യാന്ത്രിക കർമമല്ല; പാപത്തിനുള്ള ഏറ്റവും വലിയ പരിഹാരം സ്നേഹമാണ്. കുമ്പസാരിക്കുന്നയാൾക്ക് കർത്താവിനോട് വർദ്ധിച്ച സ്നേഹം തോന്നണം. നാം അതു ഏറ്റുപറയണം. ഈശോ പറഞ്ഞു, “ഇവൾ അധികം സ്നേഹിച്ചു; അതിനാൽ ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു” (ലൂക്കാ 7:47 ). ഓരോ കുമ്പസാരത്തിലും ഈശോ സ്നേഹത്തിന്റെ കണക്കു ചോദിക്കുന്നുണ്ട്. “ഇവരേക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുണ്ടോ?” (യോഹ 21:15) ഒരോ കുമ്പസാരത്തിലും പാപങ്ങളുടെ കെട്ടഴിക്കൽ മാത്രമല്ല നടക്കേണ്ടത്; സ്നേഹത്തിന്റെ ഏറ്റുപറച്ചിൽകൂടെ സംഭവിക്കണം.

വിശ്വാസമില്ലാത്തവരും സഭാവിരുദ്ധ നിലപാടുകൾ പുലർത്തുന്നവരും കുമ്പസാരമെന്ന കൂദാശയെ വിലയിരുത്തുകയും വിചാരണ ചെയ്യുകയും ചെയ്യുമ്പോൾ അത് സ്വാഭാവികമായും വികലമായ രീതിയിലായിരിക്കും. വിശ്വാസികളെ കുമ്പസാരത്തിൽ നിന്ന് അകറ്റുകയാണ് അവരുടെ ലക്ഷ്യം. അതു നമ്മൾ തിരിച്ചറിയണം. വിശ്വാസികളായ നമ്മൾ സഭാപ്രബോധനങ്ങളുടെ വെളിച്ചത്തിൽ ഈ കൂദാശയെ വേണ്ടവിധം മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്യണം. അപ്പോൾ കുമ്പസാരത്തിന്റെ ശ്രേഷ്ഠതയും കുമ്പസാരരഹസ്യത്തിന്റെ മാഹാത്മ്യവും നമുക്ക് ബോധ്യമാകും. മാത്രമല്ല, ഈ കൂദാശ വേണ്ടവിധം സ്വീകരിക്കുകയും ചെയ്യും. പാപികളായ നമ്മെ ഈശോ കുമ്പസാരക്കൂട്ടിൽ കാത്തിരിക്കുന്നു. അവിടുത്തെ കാരുണ്യം നമ്മുടെ പാപമോചനത്തിനു കാരണമാകട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ † കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും † പരിശുദ്ധാത്മാവിന്റെ സഹവാസവും † നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

**മാർ ജേക്കബ് മനത്തോടത്ത്**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി അതിരൂപത